ഉത്തരം

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ദീർഘനാളായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ പ്രധാനമായും സിവിൽ സർജൻ, ഹെഡ് നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ്, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II എന്നിവയാണ്. സിവിൽ സർജൻ, ഹെഡ് നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ നിയമനം പ്രൊമോഷൻ മുഖേനയാണ് നടത്തുന്നത്. ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടരേഖകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് കൃത്യമായി ലഭിക്കാത്തതാണ് പ്രൊമോഷൻ നടപടികൾ വൈകുവാൻ കാരണം. നഴ്സ് വിഭാഗത്തിലെ തസ്തികകളിലെ അനുപാത പുനർനിർണ്ണയ പ്രക്രിയ നടക്കുന്നത് കാരണമാണ് ഹെഡ് നഴ്സ് തസ്തികയിലെ പ്രൊമോഷൻ വൈകുന്നത്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാലാണ് മറ്റ് തസ്തികകളിലെ നിയമനങ്ങൾക്ക് കാലതാമസം നേരിട്ടിട്ടുള്ളത്.

(സി) പ്രൊമോഷൻ മുഖേന നിയമനം നടത്തേണ്ട തസ്തികകളിൽ അപ്രകാരവും പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തേണ്ടവയിൽ അത്തരം നിയമനംവഴിയും ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

വടക്കഞ്ചേരി സി.എച്ച്.സി-യിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ നടപടി

63 (6768) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കഞ്ചേരി ഗവൺമെന്റ് ആശുപത്രി സി.എച്ച്.സി. ആയി ഉയർത്തിയെങ്കിലും സി.എച്ച്.സി. പാറ്റേൺ പ്രകാരം ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കാത്തതുമൂലമുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച പ്രൊപ്പോസൽ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളാണ് ആവശ്യപ്പെട്ടിട്ടുള്ളത് ;

(സി) ഈ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) വടക്കഞ്ചേരി സി.എച്ച്.സി.-യിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ പരിഗണനയിലില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യം പരിഗണിക്കാൻ കഴിയൂ. കൂടാതെ സ്പെഷ്യാലിറ്റി യൂണിറ്റുകളോടുകൂടി ചികിത്സാ സൗകര്യം ഏർപ്പെടുത്തുവാൻ സ.ഉ.(സാധാ) നമ്പർ. 1669/14/ ആകുവ തീയതി 26-5-2014 പ്രകാരം അംഗീകാരം ലഭിച്ച 154 ആശുപത്രികളിൽ വടക്കഞ്ചേരി സി.എച്ച്.സി.-യും ഉൾപ്പെട്ടിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ ഗ്രേഡ് -II നഴ്സുമാരുടെ ഒഴിവുകൾ

64 (6769) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ നിലവിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II-ൽ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പത്തനംതിട്ട ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II-ന്റെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ നടത്തിയിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഈ വിഭാഗത്തിന്റെ ജില്ലയിലെ സ്റ്റാഫ് സ്ട്രെങ്ത് എത്രയാണെന്ന് അറിയിക്കുമോ ;

(ഇ) അതിൽ എത്ര പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(എഫ്) പത്തനംതിട്ട ജില്ലാതല ലിസ്റ്റിൽനിന്നും എന്നാണ് അവസാനമായി പ്രൊമോഷൻ നടന്നതെന്ന് വെളിപ്പെടുത്തുമോ ;

(ജി) നാളിതുവരെ എത്ര ഒഴിവുകളിലേക്ക് നിയമനം നടത്താൻ പി.എസ്.സി.-ക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) ഒഴിവുള്ള പോസ്റ്റുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഐ) ഈ തസ്തികയിൽ ജില്ലയിലുള്ള താൽക്കാലിക നിയമനങ്ങൾ എത്രയെന്ന് അറിയിക്കുമോ ;

(ജെ) നിലവിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ള തസ്തികയിലേക്ക് പി.എസ്.സി.വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ നിലവിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II-ന്റെ 5 ഒഴിവുകളാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly